| മാർക്കറ്റ് | | | |
|---|---|---|---|
| 240.85 ↑ | സെൻസെക്സ് | 27140.41 | |
| 92.05 ↑ | നിഫ്ടി | 8380.65 | |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 21,520 |
| ഒരു ഗ്രാം | 2690 |



# സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ലാഭം 9.59 % ഉയർന്നു

### എ.ടി.എം ഉപയോഗത്തിന് ഫീസ് ഈടാക്കാൻ ആലോചിച്ചിട്ടില്ലെന്ന് ബാങ്ക്

കൊച്ചി: നടപ്പു സാമ്പത്തിക വർഷത്തെ ഡിസംബർ പാദത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് 9.59 ശതമാനം വർദ്ധനയോടെ 111.38 കോടി രൂപ ലാഭം നേടി. 2015ലെ സമാന പാദത്തിൽ 101.63 കോടി രൂപയായിരുന്നു ലാഭം. ഈവർഷം ആദ്യഒമ്പത് മാസക്കാലയളവിൽ ലാഭം 260.30 കോടി രൂപയിൽ നിന്ന് 316.96 കോടി രൂപയായി വർദ്ധിച്ചുവെന്ന് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ വി.ജി. മാത്യു പറഞ്ഞു.

മാർച്ച് പാദത്തിലും മികച്ച ലാഭമാണ് പ്രതീക്ഷിക്കുന്നതെന്ന് ചെയർമാൻ സലിം ഗംഗാധരൻ പറഞ്ഞു. കൃഷി, ചെറുകിട - ഇടത്തരം സംരംഭം, റീട്ടെയിൽ, കോർപ്പറേറ്റ്, വാഹനം, വിദേശ വിദ്യാഭ്യാസം, കയറ്റുമതി അധിഷ്ഠിതമായ കശുഅണ്ടി, സുഗന്ധ വ്യഞ്ജനം, കയർ, സമുദ്രോത്പന്ന മേഖലകളിൽ കൂടുതൽ വായ്പാ വിതരണ സാദ്ധ്യത ബാങ്ക് പരിഗണിക്കും.

നോട്ട് അസാധുവാക്കലിന് ശേഷം ബാങ്ക് ഡിജിറ്റൽ ഇടപാടുകളിൽ ഇരട്ടിയിലേറെ വർദ്ധന കൈവരിച്ചു. ആയിരത്തിലേറെ പി.ഒ.എസ് മെഷീനുകളും വിതരണം ചെയ്തു. എ.ടി.എം ഉപയോഗത്തിന് ഫീസ് വീണ്ടും ഏർപ്പെടുത്താൻ ബാങ്ക് തത്കാലം ആലോചിച്ചിട്ടില്ല എന്നും അദ്ദേഹം പറഞ്ഞു. നിലവിൽ 840 ശാഖകളും 45 എക്സ്റ്റൻഷൻ കൗണ്ടറുകളും 1,313 എ.ടി.എമ്മുകളും ബാങ്കിനുണ്ട്.

## മൊത്തം ബിസിനസ് ഇരട്ടിയാക്കും

**15.72%**

■ കഴിഞ്ഞ പാദത്തിൽ ബാങ്കിന്റെ മൊത്തം ബിസിനസ് 15.72 ശതമാനം വർദ്ധിച്ച് 1.08 ലക്ഷം കോടി രൂപയിലെത്തി. 2015 ഡിസംബർ പാദത്തിൽ ഇത് 94,042 കോടി രൂപയായിരുന്നു. 2020ഓടെ ഇത് രണ്ടുലക്ഷം കോടി രൂപയിലെത്തിക്കുകയാണ് ലക്ഷ്യം.

**3.98%**

■ മൊത്തം നിഷ്ക്രിയ ആസ്തി 2.75 ശതമാനത്തിൽ നിന്നുയർന്ന് 3.98 ശതമാനമായി. അറ്റ നിഷ്ക്രിയ ആസ്തി 1.80 ശതമാനത്തിൽ നിന്ന് 2.52 ശതമാനത്തിലുമെത്തി.

നിലവിലെ ഓഹരിയുടമകൾക്ക് 1:3 അനുപാതത്തിൽ അവകാശ ഓഹരി കൈമാറാൻ തീരുമാനമായിട്ടുണ്ട്. 13 രൂപയുടെ പ്രീമിയവും ചേർത്ത് 14 രൂപയ്ക്കാണ് ഓഹരി ലഭ്യമാക്കുക. 630 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം.

**വി.ജി. മാത്യു**
*എം.ഡി ആൻഡ് സി.ഇ.ഒ*

**₹3000 കോടി**

■ മൊത്തം നിക്ഷേപം 19 ശതമാനവും മൊത്തം വായ്പ 11.41 ശതമാനവും ഉയർന്നു. നോട്ട് അസാധുവാക്കലിന് ശേഷം 3,000 കോടിയോളം രൂപ കാസ (കറന്റ് അക്കൗണ്ട്, സേവിംഗ്സ് അക്കൗണ്ട്) നിക്ഷേപമായി ലഭിച്ചു. അറ്റ പലിശ വരുമാനം 2.65 ശതമാനവും പ്രവർത്തനലാഭം 43.30 ശതമാനവും ഉയർന്നു.

### അനന്തപുരിക്ക് മലബാർ ഗ്രൂപ്പിന്റെ വിഷുക്കൈനീട്ടം

# മാൾ ഒഫ് ട്രാവൻകൂർ ഉദ്ഘാടനം ഏപ്രിലിൽ



*മാൾ ഒഫ് ട്രാവൻകൂറിന്റെ മാതൃക*

കോഴിക്കോട്: തലസ്ഥാന നഗരിക്ക് വിഷുക്കൈനീട്ടമായി വമ്പൻ മാൾ വരുന്നു. മലബാർ ഗ്രൂപ്പ് ഒരുക്കുന്ന 'മാൾ ഒഫ് ട്രാവൻകൂർ' അനന്തപുരി ആശുപത്രിക്കും വിമാനത്താവളത്തിനും അടുത്തായാണ് നിർമ്മാണം പൂർത്തിയാവുന്നത്. ഉദ്ഘാടനം ഏപ്രിലിൽ നടക്കും. 350 കോടി രൂപ ചെലവഴിച്ച്, ആറര ലക്ഷം ചതുരശ്രയടി വിസ്തീർണത്തിലാണ് മാൾ ഒരുങ്ങുന്നത്. ഇതിന്റെ രണ്ടാംഘട്ടം കൂടി പൂർത്തിയാവുന്നതോടെ വിസ്തീർണം പത്തു ലക്ഷം ചതുരശ്ര അടിയിലേറെയാവുമെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് പറഞ്ഞു.

ഷോപ്പിംഗിനുപരി കുടുംബത്തോടെ ഒരു ദിവസം മുഴുവൻ ആഘോഷമായി ചെലവിടാവുന്ന വിധത്തിലാണ് മാൾ വിഭാവനം ചെയ്തിട്ടുള്ളത്. മെട്രോ നഗരത്തിന്റെ ഉല്ലാസം, കേരളം മുഴുവൻ ഒഴുകിയെത്തുന്ന തലസ്ഥാന നഗരിക്കും ഇനി ലഭ്യമാവും. 1,400 സീറ്റുകളോടെ ഏഴ് മൾട്ടിപ്ലക്സ് തിയേറ്ററുകൾ മാളിലുണ്ടാകും. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുഡ്കോർട്ട്, ഇറ്റാലിയൻ ഏജൻസിയുമായി സഹകരിച്ചു നടത്തുന്ന അമ്യൂസ്മെന്റ് പാർക്ക്, ദിവസേന കലാപരിപാടികൾ എന്നിവ മാളിനെ ആഘോഷ വേദിയാക്കും. പാചകം ചെയ്യുന്നതിനുൾപ്പെടെ, മാളിൽ ആധുനിക സംവിധാനത്തിൽ ശുചീകരിച്ച 'ആരോ' വാട്ടർ സിസ്റ്റമാണ് ഉപയോഗിക്കുക. ഭക്ഷണ സാധനങ്ങളുടെ നിലവാരം പരിശോധിക്കാൻ പ്രത്യേക സംവിധാനമുണ്ടാവും. രാജ്യാന്തര ബ്രാൻഡുകൾക്കു പുറമേ, എല്ലാത്തരം ഉപഭോക്താക്കൾക്കും വേണ്ടിയുള്ള സ്റ്റാളുകളും ഹൈപ്പർ മാർക്കറ്റും മാളിലുണ്ടാവും. അഞ്ചു നിലയിലുള്ള മാളിൽ ഭൂമിക്കടിയിലുള്ള നിലയിലും ടെറസിലുമുൾപ്പെടെ ആയിരത്തിലേറെ വാഹനങ്ങൾക്ക് പാർക്ക് ചെയ്യാം.

നഗരത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ നിന്നെല്ലാം മാളിലേക്കും തിരിച്ചും ലോ ഫ്ലോർ ബസുകളുണ്ടാകും. യാത്ര സൗജന്യമായിരിക്കും.

മൂന്നാം നിലയിലാണ് തിയേറ്ററുകളും ഫുഡ്കോർട്ടും. ഗ്രൗണ്ട് ഫ്ലോറിൽ ഡിപ്പാർട്ട്മെന്റ് സ്റ്റോർ. ഒന്നാം നിലയിൽ വസ്ത്രശാലകളും മറ്റു നിലകളിൽ 150ലധികം അന്താരാഷ്ട്ര ബ്രാൻഡുകളുടെ ഷോപ്പുകളും. മലബാർ ഗ്രൂപ്പിന്റെ ജുവലറി, ഇഹം ഡിജിറ്റൽ ഷോപ്പ് എന്നിവ മാളിൽ തുറക്കും. ബേസ്മെന്റിൽ നിന്ന് ട്രോളിയുമായി പോകാൻ കഴിയുന്ന ട്രാവലേറ്റർ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. 25 പേർക്ക് വീതം കയറാവുന്ന ലിഫ്റ്റുകളും എസ്കലേറ്ററുകളുമുണ്ടാവും. പൊലീസിന്റെ അന്വേഷിക്കുന്ന കുറ്റവാളികൾ മാളിൽ കയറിയാൽ മുന്നറിയിപ്പു നൽകുന്ന സംവിധാനമുൾപ്പെടെ കനത്ത സുരക്ഷാ സംവിധാനമാണ് മാളിൽ ഒരുക്കുക. 365 നിരീക്ഷണ ക്യാമറകളും സ്ഥാപിക്കും.

### 3000 പേർക്ക് തൊഴിൽ

മൂവായിരത്തിലേറെ പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്ന മാൾ ഒഫ് ട്രാവൻകൂറിൽ സുരക്ഷയ്ക്കായി 125 ജീവനക്കാരുണ്ടാവും. കോട്ടയം വരെയുള്ള സമീപ ജില്ലകൾക്കു പുറമേ കന്യാകുമാരി, തിരുനെൽവേലി, നാഗർകോവിൽ എന്നിവിടങ്ങളിൽ നിന്നുള്ളവരും മാളിലെത്തുമെന്നാണ് പ്രതീക്ഷ. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആർകിടെക്റ്റുകളായ 'സ്തപതി'യിലെ ടോണിയാണ് മാൾ രൂപകല്പന ചെയ്തത്.

# സർക്കാരിന് ബെവ്കോ ₹8.20 കോടി കൈമാറി


*ബിവറേജസ് കോർപറേഷന്റെ ലാഭവിഹിതം എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു.*

തിരുവനന്തപുരം: കേരള സംസ്ഥാന ബിവറേജസ് കോർപറേഷന്റെ ലാഭവിഹിതമായ 8.20 കോടി എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ കോർപറേഷൻ മാനേജിംഗ് ഡയറക്ടർ എച്ച്. വെങ്കടേഷ്, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

2013-14 കാലയളവിൽ 9,350 കോടി രൂപയുടെ വിറ്റുവരവാണ് കോർപറേഷൻ നേടിയത്. ഡ്യൂട്ടിയിനത്തിലും നികുതിയിനത്തിലുമായി 7,580 കോടി രൂപ സർക്കാരിന് നൽകിയിട്ടുണ്ട്. വരുമാന നികുതിക്ക് മുൻപുള്ള കോർപറേഷന്റെ അറ്റാദായം 171 കോടി രൂപയാണ്. നൽകിക്കഴിഞ്ഞ ഓഹരി മൂലധനമായ 1.02 കോടി രൂപയുടെ 800 ശതമാനമായ 8.20 കോടി രൂപയാണ് ലാഭവിഹിതമായി സർക്കാരിന് കൈമാറിയത്.

# മെഴ്സിഡെസിന്റെ വില്പന 13,000 കവിഞ്ഞു

കൊച്ചി: ആഡംബര കാർ നിർമ്മാതാക്കളായ മെഴ്സിഡെസ്-ബെൻസ് തുടർച്ചയായ രണ്ടാംവർഷവും 13,000ത്തിലേറെ യൂണിറ്റുകൾ വിറ്റഴിക്കുകയെന്ന നേട്ടം സ്വന്തമാക്കി. 2016 ജനവരി - ഡിസംബർ കാലയളവിൽ 13,231 കാറുകളാണ് ബെൻസ് ഇന്ത്യയിൽ വിറ്റഴിച്ചത്. 2015ൽ 13,502 കാറുകൾ വിറ്റഴിച്ചിരുന്നു.

ബെൻസിന്റെ ആഡംബര എസ്.യു.വി വിഭാഗത്തിലെ ജി.എൽ.എ., ജി.എൽ.സി., ജി.എൽ.ഇ., ജി.എൽ.ഇ കൂപ്പേ, ജി.എൽ.എസ്., ജി ക്ലാസ് എന്നിവയുടെ വില്പന കഴിഞ്ഞവർഷം 20 ശതമാനം വർദ്ധിച്ചു. ആഡംബര സെഡാൻ വിഭാഗത്തിൽ സി - ക്ലാസിന് മികച്ച സ്വീകാര്യത ലഭിച്ചു. ഒട്ടേറെ വെല്ലുവിളികൾ നിറഞ്ഞു നിന്ന 2016ലും മികച്ച വില്പന നേട്ടം കൈവരിക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണെന്ന് മെഴ്സിഡെസ് - ബെൻസ് ഇന്ത്യാ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ റോളണ്ട് ഫോൾഗർ പറഞ്ഞു. ബി.എം. ഡബ്ല്യുവും കഴിഞ്ഞവർഷം 14 ശതമാനം വില്പന നേട്ടത്തോടെ മികച്ച പ്രകടനം നടത്തി. 7,861 യൂണിറ്റുകളാണ് ബി.എം.ഡബ്ല്യു വിറ്റഴിച്ചത്. 2015ൽ ഇത് 6,890 ആയിരുന്നു.

# അഡിഡാസിൽ നിന്ന് വിരാട് ഔട്ട്; ജിയോണിയിൽ ഇൻ



ന്യൂഡൽഹി: പ്രമുഖ ജർമ്മൻ സ്പോർട്സ്‌വെയർ ബ്രാൻഡായ അഡിഡാസ് ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ വിരാട് കോഹ്‌ലിയെ ബ്രാൻഡ് അംബാസഡർ സ്ഥാനത്തു നിന്ന് മാറ്റി. 2014ലാണ് 30 കോടി രൂപയുടെ കരാറുമായി കോഹ്‌ലി അഡിഡാസിന്റെ ബ്രാൻഡ് അംബാസഡറാകുന്നത്. കഴിഞ്ഞമാസം കരാർ പുതുക്കേണ്ടതായിരുന്നുവെങ്കിലും അഡിഡാസ് പിന്മാറി. മികച്ച ബാറ്റ്സ്മാനും ടെസ്റ്റ് ടീം ക്യാപ്റ്റനുമെന്നതിന് പുറമേ ഏകദിന, ട്വന്റി20 ക്യാപ്റ്റൻസി കൂടി ലഭിച്ച്, ഇന്ത്യൻ ക്രിക്കറ്റിലെ ശക്തികേന്ദ്രമായി കോഹ്‌ലി മാറിയ അവസരത്തിൽ തന്നെ അദ്ദേഹത്തെ അംബാസഡർ സ്ഥാനത്തു നിന്ന് അഡിഡാസ് ഒഴിവാക്കിയത് അഡ്വർടൈസിംഗ് ലോകത്തെ പോലും ഞെട്ടിച്ചിട്ടുണ്ട്.

ക്രിക്കറ്റുമായുള്ള ബന്ധം തുടരുമെന്നും കെ.എൽ. രാഹുൽ അടക്കമുള്ള പുതുമുഖ താരങ്ങളുമായി കൈകോർത്ത് മുന്നോട്ടു പോകാനാണ് ഉദ്ദേശിക്കുന്നതെന്നും അഡിഡാസ് പ്രതികരിച്ചു. നിലവിൽ 17 ബ്രാൻഡുകളുടെ അംബാസഡറാണ് 28കാരനായ കോഹ്‌ലി. കഴിഞ്ഞദിവസം ചൈനീസ് സ്മാർട്ട് ഫോൺ കമ്പനിയായ ജിയോണി കോഹ്‌ലിയെ ബ്രാൻഡ് അംബാസഡറായി നിയമിച്ചിരുന്നു.

## വിനിമയനിരക്ക്



| | കറൻസി | ഡി.ഡി. |
|---|---|---|
| ഡോളർ | 67.10 | 67.90 |
| പൗണ്ട് | 81.25 | 82.35 |
| യൂറോ | 70.50 | 71.52 |
| സ്വിസ് ഫ്രാങ്ക് | 65.55 | 66.56 |
| കനേഡിയൻ | 50.25 | 51.06 |
| ആസ്ട്രേലിയ ഡോളർ | 49.15 | 49.93 |
| സിംഗപ്പൂർ ഡോളർ | 46.20 | 47.02 |
| ബഹ്റിൻ ദിനാർ | 171.85 | |
| കുവൈറ്റ് ദിനാർ | 215.80 | |
| സൗദി റിയാൽ | 17.30 | |
| ഒമാനി റിയാൽ | 171.35 | |
| ഖത്തർ റിയാൽ | 17.84 | |
| യു. എ. ഇ. ദിർഹം | 17.69 | |

## കമ്പോളനിലവാരം

| കൊച്ചി | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 11,600 |
| വെളിച്ചെണ്ണ | 10,000 |
| കൊപ്ര | 7390-7600 |
| പിണ്ണാക്ക്എക്സ്പെല്ലർ | 2000 |
| പിണ്ണാക്ക്റോട്ടറി | 2500 |
| കുരുമുളക് | |
| ചേറ്റാത്തത് | 65,900 |
| പുതിയത് | 64,400 |
| കുരുമുളക്ചേറ്റിയത് | 68,900 |
| ചുക്ക്മീഡിയം | 13,500 |
| ചുക്ക്ബെസ്റ്റ് | 14,500 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 9,300-9800 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 17,000-18,000 |
| അടയ്ക്കപഴയത് | ഇല്ല |
| പഞ്ചസാര | 4060 |
| വറ്റൽമുളക് | 10,200-19,000 |
| ഉഴുന്ന് | 9000-10,000 |

| | |
|---|---|
| ചെറുപയർ | 6300-6700 |
| കടല | 9,000-10,000 |
| മുതിര | 5000 |
| എള്ള് | 15,000-19,000 |
| മല്ലി | 7500-19,000 |
| പച്ചരി | 2100-2280 |
| പുഴക്കലരി(ജയ) | 2900-3100 |
| ജാതിക്കതൊണ്ടൻ | 225-245 |
| തൊണ്ടില്ലാത്തത് | 425-450 |
| ജാതിപത്രി | 450-850 |
| ഗ്രാമ്പു | 735 |
| പാംഓയിൽ | 6350 |
| പൈനാപ്പിൾ | |
| പച്ച | 24.00 |
| പച്ച (സ്പെഷ്യൽ) | 25.00 |
| പഴം | 28.00 |
| റബർ | |
| ആർഎസ്എസ്4 | 14,200 |
| ആർഎസ്എസ്-5 | 12,600-13,600 |
| ഒട്ടുപാൽ | 10,000 |
| ലാറ്റക്സ് | 8700 |

| ആലപ്പുഴ | |
|---|---|
| വെളിച്ചെണ്ണ | 11100 |
| പിണ്ണാക്ക് | 2400 |
| കൊപ്ര | 7450 |
| കോട്ടയം | |
| റബ്ബർ വ്യാപാരിവില | |
| ആർ.എസ്.എസ്4 | 140 |
| ആർ.എസ്.എസ്5 | 134 |
| തരംതിരിക്കാത്തത് | 117 |
| റബ്ബർ ബോർഡ് | |
| ആർ.എസ്.എസ്4 | 14300 |
| ആർ.എസ്.എസ്5 | 13700 |
| കോലാലംപൂർ | |
| എസ്. എം .ആർ 20 | 14773 |
| 60% ലാറ്റക്സ് | 10140 |
| വെളിച്ചെണ്ണ | 12500 |
| കൊപ്ര | 8200 |
| ശർക്കര ( മറയൂർ) | 6800 |
| ശർക്കര (പാണ്ടി) | 5800 |
| തൃശ്ശൂർ | |
| വെളിച്ചെണ്ണ | 1095 0 |

| | |
|---|---|
| തേങ്ങാപിണ്ണാക്ക് | 1950 |
| കൊപ്ര | 7 425 |
| കടലെണ്ണ | 20 75 |
| നല്ലെണ്ണ | 235 0 |
| എള്ളിൻപിണ്ണാക്ക് | 335 0 |
| അടയ്ക്ക | |
| കൊക്കാലെ | |
| പഴയത് | 3400-4100 |
| രണ്ടാംതരം | 16 00-2000 |
| അമല | |
| പുതിയത് | 2 500-3500 |
| പഴയത് | 3800-4300 |
| രണ്ടാംതരം | 15 00-2500 |
| പഴഞ്ഞി | |
| പഴയത് | 3500-4200 |
| രണ്ടാംതരം | 10 00-1500 |
| നെടുമങ്ങാട് | |
| കുരുമുളക് | |
| „പഴയത് | 600(„) |
| „പുതിയത് | 450(„) |
| „പച്ചകുരുമുളക് | 175(„) |

| കൊട്ടപ്പാക്ക് | |
|---|---|
| „പഴയത് | 120(„) |
| „പുതിയത്(വരവുമേനി) | 90(„) |
| റബ്ബർ | 117(„) |
| ഒട്ടുപാൽ | 80(„) |
| ജാതിക്ക | 150(„) |
| ജാതിപരിപ്പ് | 350(„) |
| ജാതിപത്രി | 500(„) |
| കാപ്പിപരിപ്പ് | 100(„) |
| ഗ്രാമ്പു | 550(„) |
| കൊക്കോ | 12(„) |
| തേങ്ങ- | 26(„) |
| തങ്കം | |
| തിരുവനന്തപുരം | 28450 |
| ആലപ്പുഴ | 28450 |
| സ്വർണം | |
| കൊച്ചി(8ഗ്രാം) | 21,520 |
| ഒരുഗ്രാം | 2690 |
| വെള്ളി | |
| തിരുവനന്തപുരം | 46000 |
| കൊച്ചി | 46000 |

| SCRIP | BSE | NSE |
|---|---|---|
| ABB | 1132.150 | 1132.500 |
| ACC | 1349.350 | 1348.700 |
| Adani Power | 35.150 | 35.150 |
| AMARAJA | 906.950 | 906.800 |
| ANDHARA BANK | 49.650 | 49.750 |
| APOLLOTYRE | 197.000 | 197.100 |
| APPOLOHOS | 1197.850 | 1199.300 |
| ARVINDMILL | 363.100 | 362.400 |
| ASHOKLEY | 85.600 | 85.600 |
| ASIANPNT | 934.100 | 934.650 |
| AVAYA GLOBAL | 0.000 | 90.150 |
| AXISBANK | 453.550 | 453.600 |
| B..... | | |
| BAJAJAUTO | 2717.550 | 2718.550 |
| BALAJITELE | 93.600 | 93.400 |
| BANKOFBARODA | 159.650 | 159.600 |
| BATAIND | 476.250 | 476.750 |
| BEML | 1218.800 | 1219.300 |
| BFLSOFT | 530.350 | 529.200 |
| BHARTI | 322.850 | 322.750 |
| BHARTI SHIPYARD | 16.950 | 16.600 |
| BHEL | 128.850 | 128.650 |
| BIOCON | 1001.850 | 1002.700 |
| BOI | 114.200 | 114.250 |
| BOMBDYE | 55.000 | 55.150 |
| BPCL | 660.800 | 660.900 |
| BPL | 67.500 | 67.500 |
| BRITANNIA | 2971.000 | 2970.100 |
| BSES | 506.500 | 506.050 |
| C..... | | |
| CANARABANK | 276.350 | 276.300 |
| CEAT | 1231.250 | 1229.300 |
| CENTURY TEXT | 841.250 | 841.050 |
| CHENNAIPETRO | 328.500 | 328.650 |
| CIPLA | 577.850 | 576.950 |
| COLGATE | 894.550 | 895.000 |
| CORPBNK | 43.150 | 43.150 |
| CROMPGREV | 62.200 | 62.150 |
| D..... | | |
| D-LINK | 102.950 | 103.200 |
| DABUR | 277.500 | 278.500 |
| DENABANK | 34.850 | 35.000 |
| DISHMAN PHARMA | 253.650 | 253.350 |
| DIVIS LAB | 740.600 | 740.100 |
| DRREDDY | 3047.350 | 3042.450 |
| DWARKESH SUGAR | 394.900 | 396.200 |
| E..... | | |
| Eastern Treads | 141.450 | 0.000 |
| EIHOTEL | 97.250 | 97.450 |
| ENGGINDIA | 156.050 | 156.150 |
| ESCORTS | 359.450 | 359.800 |
| F..... | | |
| FEDERALBNK | 72.400 | 72.550 |
| FINLXCABLE | 416.900 | 417.650 |
| G..... | | |
| GAIL | 444.300 | 444.700 |
| GARDEN SILK | 31.550 | 31.550 |
| GEOJIT | 36.750 | 36.900 |
| GEOMETRIC | 253.400 | 254.800 |
| GESHIPP | 383.450 | 383.800 |
| GLAXO | 2722.350 | 2723.350 |
| GLENMARK | 904.150 | 904.500 |
| Globus Spirits Ltd | 90.450 | 90.800 |
| GNFC | 256.650 | 256.700 |
| GODREJS | 1573.050 | 1575.000 |
| GRASIM | 855.950 | 857.900 |
| GUJAMBCEM | 215.850 | 215.850 |
| H..... | | |
| HARMALA | 77.300 | 77.350 |
| HCLINFO | 61.050 | 61.100 |
| HDFC | 1228.950 | 1230.050 |
| HDFCBNK | 1232.600 | 1234.000 |
| HEROHONDA | 3087.000 | 3084.250 |
| HINDALCO | 174.450 | 174.950 |
| HINDLEVER | 840.550 | 841.500 |
| HINDMOT | 8.880 | 8.850 |
| HINDUJAFUN | 509.750 | 508.750 |
| HPCL | 490.100 | 490.700 |
| I..... | | |
| I-FLEX | 3149.250 | 3155.900 |
| ICICIBANK | 264.950 | 264.700 |
| IDBI | 74.100 | 74.150 |
| INDHOTEL | 97.700 | 97.750 |
| INDIACEM | 133.600 | 133.900 |
| INDRAYON | 1276.900 | 1275.000 |
| INFOSYS | 969.000 | 969.100 |
| INFOTECH ENT | 492.100 | 492.200 |
| IOB | 25.150 | 25.200 |
| IOC | 348.950 | 349.100 |
| ITC | 247.500 | 247.550 |
| K..... | | |
| KALECONSULT | 1464.450 | 1468.350 |
| KARUR VYSYA BANK | 84.650 | 84.500 |
| KOPRAN | 54.700 | 54.900 |
| KOTAKM | 726.400 | 728.400 |
| L..... | | |
| L&T | 1412.800 | 1412.350 |
| LICHSGFIN | 532.800 | 532.850 |
| LML | 13.900 | 13.850 |
| LUPINCHEM | 1520.300 | 1521.750 |
| LYKALAB | 60.750 | 60.700 |
| M..... | | |
| M&M | 1228.950 | 1232.000 |
| MAHABANK | 29.550 | 29.600 |
| Mahindra Holidays | 400.500 | 401.700 |
| MARUTI | 5752.200 | 5762.350 |
| MAXIND | 557.900 | 558.650 |
| MCDOWEL | 1918.500 | 1917.950 |
| MIDDAY | 18.400 | 18.650 |
| MOSERBEAR | 8.220 | 8.250 |
| MRF | 55340.500 | 55400.000 |
| MROTECH | 60.300 | 60.650 |
| MTNL | 19.950 | 19.950 |
| MUKTAARTS | 98.150 | 98.300 |
| N..... | | |
| NAICHOLAS | 1745.050 | 1749.000 |
| NATHSEED | 4.180 | 0.000 |
| NEYBELI | 84.000 | 83.950 |
| NHPC Ltd | 27.400 | 27.400 |
| NIIT | 86.300 | 86.350 |
| NTPC | 164.400 | 164.500 |
| O..... | | |
| OBC | 115.550 | 115.550 |
| Oil India Ltd (OIL) | 482.650 | 485.000 |
| ONGC | 197.550 | 197.650 |
| ONWARDTECI | 70.400 | 69.900 |
| ORCHIDCHEM | 29.300 | 29.400 |
| P..... | | |
| PANACEABIO | 127.250 | 126.950 |
| PENTSOFT | 0.650 | 0.000 |
| PETRONET | 366.800 | 365.900 |
| PFIZER | 1795.700 | 1798.600 |
| Pipavav Shipyard | 58.000 | 58.000 |
| POLARIS | 159.600 | 159.550 |
| PRYACEM | 57.050 | 56.900 |
| PTC | 81.100 | 81.000 |
| R..... | | |
| RAMCOSYS | 382.650 | 382.850 |
| RELCAP | 455.000 | 455.750 |
| RELIANCE | 1084.100 | 1086.050 |
| ROLTA | 63.950 | 63.800 |
| S..... | | |
| SAB | 297.950 | 297.650 |
| SAIL | 56.100 | 55.950 |
| SARIGAMA | 229.700 | 228.800 |
| SBI | 251.900 | 252.150 |
| SBT | 532.750 | 533.150 |
| SCI | 65.800 | 65.750 |
| SHYAMTELE | 31.900 | 32.050 |
| SIB | 21.400 | 21.500 |
| SIEMENS | 1177.500 | 1177.350 |
| SKFBEAR | 1297.250 | 1296.100 |
| SMITHKLC | 5128.450 | 5142.850 |
| STROPTICAL | 103.650 | 103.550 |
| SUNPHARMA | 647.700 | 648.200 |
| SYNDIBANK | 65.550 | 65.450 |
| T..... | | |
| Tata Communications | 634.250 | 634.100 |
| TATACHEM | 517.950 | 517.800 |
| TATAELXSI | 1399.200 | 1399.300 |
| TATAPOWER | 77.050 | 76.850 |
| TATATEA | 127.350 | 127.550 |
| TCS | 2323.050 | 2324.400 |
| TELCO | 518.900 | 519.250 |
| THERMAX | 821.350 | 823.500 |
| THMCOOK | 197.050 | 196.900 |
| TIPSINDIA | 62.900 | 64.000 |
| TISCO | 448.100 | 448.250 |
| TITANIND | 360.350 | 360.750 |
| TRIGYNTECH | 106.200 | 105.600 |
| UCOBANK | 34.200 | 34.200 |
| UNICHEMLAB | 275.300 | 275.850 |
| VESUVIUS | 1149.200 | 1159.250 |
| Vguard | 169.600 | 169.500 |
| VOLTAS | 343.350 | 343.600 |
| WIPRO | 476.100 | 476.200 |
| WONDERLA | 356.150 | 354.800 |
| ZEETELE | 478.950 | 478.300 |

## ശാസ്ത്രകൗമുദി

# എച്ച്.ഐ.വി കുറേ പഴയതാ..



എച്ച്.ഐ.വി വൈറസുൾപ്പെടുന്ന റിട്രോവൈറസുകൾക്ക് ലക്ഷംകോടി വർഷങ്ങളുടെ പഴക്കമുണ്ടെന്ന് പുതിയ കണ്ടെത്തൽ. നേരത്തെ കരുതിയിരുന്നതിനേക്കാൾ ഏറെയാണ് ഇതിന്റെ പഴക്കമെന്നാണ് ഇപ്പോൾ ശാസ്ത്രജ്ഞർ പറയുന്നത്.

കടലിൽ നിന്നും കര ഉണ്ടായ കാലംമുതൽത്തന്നെ ഇത്തരം വൈറസുകൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, മൃഗങ്ങളിലായിരുന്നുഎന്നുമാത്രം. 100 ദശലക്ഷമായിരുന്നു റിട്രോ വൈറസുകളുടെ ഇതുവരെ കരുതിയിരുന്ന കാലപ്പഴക്കം. എന്നാൽ, പുതിയ പഠനങ്ങളനുസരിച്ച് ഇത് 450 ദശലക്ഷം വർഷമാണ്. എച്ച്.ഐ.വിയുടേതുൾപ്പടെ അനേകം വൈറസുകൾ ഉൾപ്പെട്ടിരിക്കുന്ന റിട്രോവൈറസുകൾ കാൻസറിനും രോഗപ്രതിരോധശേഷിക്കുറവിനുമൊക്കെ കാരണമാകാറുണ്ട്.

## കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്സ്
6.28 am, pm ദൈവദശകം
7.00 പ്രണവം
7.30 സാൾട്ട് ആൻഡ് പെപ്പർ
8.30 ന്യൂസ്ട്രാക്ക്
9.00 സ്ട്രെയ്റ്റ് ലൈൻ
10.00 ഫോർ ദി പീപ്പിൾ
10.30 സ്വയംവരം റോ
11.35 ഫിലിം ബോക്സ്
1.35 ഡേ വിത്ത് സ്റ്റാർ
3.35 ഐക്യൂ മാസ്റ്റർ
5.35 സ്വയംവരം
6.00 ഓ മൈ ഗോഡ്
6.35 ദേവാമൃതം




### ഡിഡി മലയാളം

7.00 കൃഷിദർശൻ
8.00 മേഘരാഗം

### ഡിഡി കേരളം

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

### ഏഷ്യാനെറ്റ്

6.00 സീതായനം
6.30 പ്രണയം
7.00 ചിന്താവിഷ്ടയായ സീത
7.30 കറുത്ത മുത്ത്

### ന്യൂസ്

7.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
9.30 അകലങ്ങളിലെ ഇന്ത്യ
2.30 ഡോ. ലൈവ്

### ഏഷ്യാനെറ്റ് പ്ലസ്

7.30 സംഗീത സാഗരം
8.00 നക്ഷത്രഫലങ്ങൾ കാണിപ്പയ്യൂരിനൊപ്പം
8.30 മ്യൂസിക് പ്ലസ്
9.00 ഫൈവ് സ്റ്റാർ തട്ടുകട

### HBO

09:18am She's Out of My League
11:06 Pan
01:04 Harry Potter and the Deathly Hallows: Part 1
03:35 I Am Legend
05:24 Ghost Rider: Spirit of Vengeance
07:08 Kung Fu Panda
09:00 Lara Croft Tomb Raider: The Cradle of Life
11:15 Enemy at the Gates

### STAR MOVIES

08:29am Aliens
11:07 White House Down
01:46 Spy
04:11 Terminator Salvation
06:31 Hellboy
09:00 Captain America: The First Avenger
11:51 Kung Fu Chefs

## സിനിമ

**ഏഷ്യാനെറ്റ്:** 9.00 മണിരത്നം
**ഏഷ്യാനെറ്റ് മൂവീസ്:** 7.00 നക്ഷത്രത്താരാട്ട് 10.00 വിയറ്റ്നാം കോളനി 1.00 അച്ചുവിന്റെ അമ്മ 4.00 അലിഭായി 7.00 ഇയ്യോബിന്റെ പുസ്തകം 10.00 മലയാളിമാമന് വണക്കം
**ഏഷ്യാനെറ്റ് HD:** 9.00 മണിരത്നം
**ഏഷ്യാനെറ്റ് പ്ലസ്:** 12.00 ഒരാൾ മാത്രം
**കൈരളി:** 1.15 ജയിംസ് ബോണ്ട്
**വി:** 12.30 ദിനരാത്രങ്ങൾ 9.00 സ്വാഗതം
**സൂര്യ:** 12.30 സർ സി.പി
**മഴവിൽ മനോരമ:** 1.00 പാട്ടിന്റെ പാലാഴി
**എ.സി.വി:** 9.00 ആയിരമേനി 2.00 വർണപ്പകിട്ട് 9.30 ഗ്രാമപഞ്ചായത്ത്
**ജുക്ക്ബോക്സ്:** 6.30 വല്യേട്ടൻ

### ANIMAL PLANET

08:00am Man in Wild
09:00 Man in Wild
10:00 Kingdom of Big Cats
11:00 Be The Creature
12:00 Mahasangram
01:00 Wild Ways
02:00 Wild Australia
04:00 Kingdom of Big Cats
06:00 Biggest & Baddest
07:00 The Wonder of Animals
08:00 Mahayudh
09:00 Tanzania's Best Kept Secret
09:30 Natural Born Hunters
09:30 Natural Born Hunters
06:00 Mahayudh

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2017 ജനുവരി 12 വ്യാഴം)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
വിദേശത്ത് താമസിക്കുന്നവർക്ക് കാര്യതടസങ്ങൾ. കഠിനപ്രയത്നം ആവശ്യമായിവരും. ലക്ഷ്യപ്രാപ്തി നേടും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
പ്രത്യുപകാരം ചെയ്യാൻ അവസരം. തൊഴിൽ മേഖലയിൽ പ്രശ്നങ്ങൾ. ആതുര സേവനത്തിൽ ആത്മാർത്ഥമായി പ്രവർത്തിക്കും.

**മിഥുനം:** *(മകയിരം രണ്ടാം പകുതി ഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം. പങ്കാളിയുടെ ആഗ്രഹങ്ങൾ നിറവേറ്റും. പഠന കാര്യങ്ങളിൽ പുരോഗതി.

**കർക്കടകം :** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
സർവർക്കും സ്വീകാര്യമായ നിലപാട് സ്വീകരിക്കും. ഊഹാപോഹങ്ങൾ കേട്ട് പ്രതികരിക്കരുത്. ജോലിഭാരം വർദ്ധിക്കും.

**ചിങ്ങം :** *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
വാക്കും പ്രവർത്തിയും ഫലപ്രദമാകും. സാമ്പത്തികനേട്ടം. കർമ്മമേഖലയിൽ വിജയം.

**കന്നി :** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
ഏറ്റെടുത്ത കാര്യങ്ങളിൽ വിജയം. സന്താനങ്ങളുടെ കാര്യങ്ങൾ ക്രമീകരിക്കും. അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
ദൂരയാത്ര വേണ്ടിവരും. ഗൃഹമാറ്റത്തിനു അനുകൂല സമയം. കുടുംബാംഗങ്ങളിൽ നിന്നു മാറി താമസിക്കും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
ഉദ്യോഗത്തിൽ സ്ഥാനചലനം. കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കും. ഗൃഹനിർമ്മാണത്തിന് അനുകൂലം.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
വിശ്വസ്തസേവനത്തിനു അംഗീകാരം. മതസൗഹാർദ്ദപ്രവർത്തനങ്ങളിൽ പങ്കെടുക്കും. ഭാവിയെപ്പറ്റിയുള്ള ആശങ്ക വർദ്ധിക്കും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
ശുഭാപ്തി വിശ്വാസം ഉണ്ടാകും. ആസൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തി. പുതിയ അവസരങ്ങൾ വന്നുചേരും.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
രാഷ്ട്രീയ പ്രവർത്തനത്തിൽ വിജയം. വ്യവസ്ഥകളിൽ വ്യതിചലിക്കരുത്. പുതിയ സ്നേഹബന്ധം ഉടലെടുക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
വാക്കും പ്രവൃത്തിയും ഫലപ്രദമാകും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റം. രോഗങ്ങൾ അലട്ടും.

**- ഗോപകുമാർ ശർമ്മ**